**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റൂർ പള്ളിമലയിൽ കുടിവെള്ള ടാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റൂർ പള്ളിമലയിൽ കുടിവെള്ള ടാങ്ക് നിർമ്മിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇതിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (എ) | കുറ്റൂർ ഗ്രാമ പഞ്ചായത്തിൽ 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി സാങ്കേതിക അനുമതി ലഭ്യമായിട്ടുള്ളതും ടെൻഡർ ചെയ്തിട്ടുള്ളതുമാണ്. 3 തവണ ഈ പ്രവൃത്തി ടെൻഡർ ചെയ്തിട്ടും ആരും തന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. പിന്നീട് ഈ പ്രവൃത്തി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ചെയ്തു. 2 തവണ ടെൻഡർ ചെയ്തെങ്കിലും ആരും ടെണ്ടറിൽ പങ്കെടുക്കാത്തതിനാൽ ടെൻഡർ കാലാവധി 14.10.2024 വരെ നീട്ടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ